ക്ഷൻസ് ഡയറക്ടർ കൺവീനറായും ശുപാർശ ചെയ്തിട്ടുള്ള പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റിയാണ്. ഇക്കാര്യങ്ങളെല്ലാം പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി വയ്ക്കുന്നതാണ്. കമ്മിറ്റിയുടെ ശുപാർശകൂടി ലഭിച്ചശേഷം ഗവണ്മെന്റ് അവയെപ്പറ്റി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ: ഏതെല്ലാം ആവശ്യങ്ങളാണ് ഇപ്പോൾ അനുവദിച്ചുകൊടുത്തിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. ടി. അബ്ദുൾ മജീദ്: മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പര്യടന പരിപാടികൾ പ്രധാനപ്പെട്ടവ റിപ്പോർട്ട് ചെയ്യുവാൻ ചിലപ്പോഴൊക്കെ വാഹനസൗകര്യം കൊടുക്കാറുണ്ട്. പ്രസ്സ്ക്ലബ്ബിനും സൗകര്യങ്ങൾ കാര്യക്ഷമമാക്കുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. പര്യടന പരിപാടികളുടെ വിവരം പത്രലേഖകന്മാർക്ക് നേരത്തെ അയച്ചുകൊടുക്കുവാൻ വേണ്ട ഏർപ്പാട് ചെയ്തിട്ടുണ്ട്. മാസത്തിലൊരിക്കലെങ്കിലും പത്രലേഖകന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുവാൻ നിർദ്ദേശം നൽകുന്നുണ്ട്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: പത്രപ്രവർത്തകന്മാരുടെ പേരിൽ എടുത്തിട്ടുള്ള കേസ്സുകൾ പിൻവലിക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുൾ മജീദ്: ഇല്ല.

എം. നാരായണക്കുറുപ്പ്: ജില്ലാ അടിസ്ഥാനത്തിൽ പത്രലേഖകന്മാരുടെ സമ്മേളനത്തെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണോ ഗവണ്മെന്റിന്റെ നയം?

ശ്രീ. ടി. അബ്ദുൾ മജീദ്: ജില്ലാ അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങളെപ്പറ്റി അതാതു ജില്ലകളിലുള്ള പത്രലേഖകന്മാരെ വിളിച്ചുകൂട്ടി പ്രതിപാദിക്കുന്നതു് നന്നായിരിക്കുമെന്നും ഗവണ്മെന്റിനഭിപ്രായമുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇത്തരം കാര്യങ്ങളിൽ ദൃശ്യമാകാവുള്ള അംഗീകൃതനയം വികസനപ്രവർത്തനങ്ങളെ വിമർശിച്ചുകൊണ്ടുള്ളതാണെന്നും ഗവണ്മെന്റും മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുൾ മജീദ്: അവയെപ്പറ്റി വിമർശനം നടത്തുന്നതു് ആരോഗ്യകരമായ ഒരു പ്രവർത്തനമാണെന്നും ഗവണ്മെന്റും വിചാരിക്കുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇങ്ങനെയുള്ള സമ്മേളനങ്ങളിൽവച്ച് നീതിന്യായത്തെ പരാമർശിക്കുന്ന പ്രസ്താവനകൾക്കുറിച്ച് ഉണ്ടാകാവുന്നതെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. അബ്ദുൾ മജീദ്: നീതിന്യായത്തെ സ്പർശിക്കാതിരിക്കുവാൻ പ്രത്യേകം ഏർപ്പാട് ചെയ്യാം.

ദേവികുളം ഉപതിരഞ്ഞെടുപ്പിന്റെ ചെലവുകൾ.

* 1355. [3] † ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം ഉപതിരഞ്ഞെടുപ്പിനു ഗവണ്മെന്റിനു് ആകെ എന്തു ചെലവായി;

(ബി) തിരഞ്ഞെടുപ്പു ജോലികൾക്കു നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരുടെ അലവൻസു കൊടുത്തു തീർത്തിട്ടുണ്ടോ;

(സി) ഗവണ്മെന്റുപയോഗിച്ച പ്രൈവറ്റ് ബസ്സുകളുടെ വാടക മുഴുവനും കൊടുത്തിട്ടുണ്ടോ?

† As the Member was absent the question was put by Shri R. Sugathan, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) ദേവികുളം ഉപതിരഞ്ഞെടുപ്പിനു് ഗവണ്മെൻറിനു് ആകെ 1,41,520 രൂപാ 53 നയാപൈസാ ചെലവായി. അതിൽ 90,969 രൂപ 49 നയാപൈസാ ഇലക്ഷൻ ബഡ്ജറ്റിൽനിന്നും പോലീസു് ബന്തവസ്സു മുതലായവയ്ക്കുള്ള 50,551 രൂപ 4 നയാപൈസ പോലീസു് ബഡ്ജറ്റിൽനിന്നുമാണു് ചെലവായിട്ടുള്ളതു്.

(ബി) പള്ളം ട്രാൻസ്ഫോർമർ സബ്ഡിവിഷനിലെ 7 രൂപയുടെ ഒരു റവന്യൂ. എ. ബില്ലൊഴിച്ചു ബാക്കിയുള്ളതെല്ലാം കൊടുത്തുകഴിഞ്ഞു. ഈ ബില്ലും കളക്ടർ പാസ്സാക്കിക്കൊടുത്തു കഴിഞ്ഞതായി റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. പോലീസു് ഡിപ്പാർട്ടുമെൻറിൽ 141 രൂപ 41 നയാ പൈസയുടെ (141.41) ഒരു ബില്ലൊഴിച്ചു് ബാക്കി എല്ലാം കൊടുത്തുകഴിഞ്ഞതായും, ഈ ബില്ലും കംപ്ലീറ്റാക്കി പ്രീഅഡിറ്റിനയച്ചിരിക്കുന്നതായും പോലീസു് ഐ. ജി-യുടെ റിപ്പോർട്ടുണ്ടു്.

(സി) പീരുമേട്ടും ഉടുമ്പൻചോലയും താലൂക്കുകളിൽ ഉപയോഗിച്ച പ്രവറുടെ ബസ്സുകൾക്കു് ഇനിയും 6512 രൂപ 6 നയാപൈസാ (6512.06) കൊടുക്കാനുണ്ടെന്നും അതിനു ബില്ലു് പാസ്സാക്കിക്കൊടുത്തുകഴിഞ്ഞു എന്നും കളക്ടരുടെ റിപ്പോർട്ടുണ്ടു്. പോലീസു് ഡിപ്പാർട്ടുമെൻറിലെ ആവശ്യത്തിനു് ഉപയോഗിച്ച വാഹനങ്ങളിൽ ഒരു ജീപ്പിനും ഒരു വാനിനും (കെ. എൽ. ആർ. 240; കെ. എൽ. കെ. 1563) ചെല്ലേണ്ടതായ വാടക ഉദ്ദേശം 200 രൂപ ഒഴികെ ബാക്കിയെല്ലാം കൊടുത്തു തീർത്തിട്ടുള്ളതായും ഇവയ്ക്കുള്ള ബില്ലു് ഉടമസ്ഥന്മാരിൽ നിന്നും ഇതുവരെ കിട്ടിയിട്ടില്ലെന്നും പോലീസു് ഐ. ജി. യുടെ റിപ്പോർട്ടുണ്ടു്.

ഹരിജൻ സൊസൈറ്റികൾക്കു കൊടുത്ത ഗ്രാൻറു്.

* 1356. [5] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1958-59-ൽ ഹരിജൻ വകുപ്പിൻറെ കീഴിൽ എത്ര ഹരിജൻ സൊസൈറ്റികൾക്കു് ഗ്രാൻറു കൊടുത്തു;

(ബി) തുകയെത്ര ;

(സി) എത്രയെണ്ണം അപേക്ഷിച്ചിരുന്നു ;

(ഡി) അവയ്ക്കു മുഴുവൻ ഗ്രാൻറു കൊടുത്തുവോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) 36 സൊസൈറ്റികൾക്കു ഗ്രാൻറു കൊടുത്തു.

(ബി) 1,35,090 രൂപാ.

(സി) 76.

(ഡി) ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ ഗ്രാൻറു മുഴുവനും സൊസൈറ്റികൾക്കു കൊടുക്കുവാൻ കഴിഞ്ഞില്ല എന്നറിയുന്നതു ശരിയാണോ ?

ശ്രീ. പി. കെ. ചാത്തൻ : യഥാർത്ഥമായ അപേക്ഷകൾക്കു സമയത്തിനു തന്നെ ഗ്രാൻറു കൊടുക്കുകയുണ്ടായി. നടപടികളും മുഴുവനും പൂർത്തിയാകാതിരുന്ന സൊസൈറ്റികൾക്കു് ഗ്രാൻറു കാലേക്കൂട്ടി കൊടുക്കുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ സൊസൈറ്റികൾ എന്തെല്ലാം പ്രവർത്തനങ്ങളാണു ചെയ്യുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly